പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3041 — 13.07.2015-ൽ മറുപടിക്ക്.

## പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ആരംഭിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ; | : (എ) 10.08.1987-ൽ |
| (ബി) ജലസേചന വകുപ്പ് ഭൂമിയിലും കെട്ടിടത്തിലും പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചത് സംബന്ധിച്ച് കരാർ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ; | : (ബി) കരാർ വ്യവസ്ഥകൾ ലഭ്യമല്ല. |
| (സി) പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ജലസേചന വകുപ്പിൽ നിന്ന് അനുവദിച്ചത് എപ്പോഴാണ്;<br>(ഡി) പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ;<br>(ഇ) ഇതിനുള്ള നടപടികൾ നീണ്ടുപോകുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | : (സി)യും, (ഡി)യും, (ഇ)യും കോഴിക്കോട് ജില്ലാ കളക്ടറുടെ 24.03.2003 ലെ എൽ10-30093/02 നമ്പർ ഉത്തരവ് പ്രകാരം ചക്കിട്ടപാറ വില്ലേജിലെ സർവേ നമ്പർ 2/1 ൽപ്പെട്ട 50 സെന്റ് ഭൂമി പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമല്ലാത്തതിനാൽ ചക്കിട്ടപാറ വില്ലേജിലെ കുറ്റിയാടി ജലസേചന പദ്ധതി വക അൺസർവ്വേ എൻ.എഫ്.ആർ 2/2 ൽപ്പെട്ട 50 സെന്റ് ഭൂമി പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ